"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - 2024-2025, 2025-26 സാമ്പത്തിക വർഷങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ / പൊതുമേഖലാസ്ഥാപനങ്ങൾ /സഹകരണ സ്ഥാപനങ്ങൾ / സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന പാഴ്ക്കടലാസുകൾ നീക്കം ചെയ്യുന്നതിന് സ്റ്റേഷനറി വകുപ്പിനും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനും (കെ.പി.പി.എൽ) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.80/2024/SPD തീയതി,തിരുവനന്തപുരം, 01-08-2024

---

പരാമർശം:- 1. 16/09/2022-ലെ സ.ഉ.(സാധാ) നം. 54/2022/എസ്.പി.ഡി. നമ്പർ ഉത്തരവ്

2. 29/04/2023-ലെ സ.ഉ.(സാധാ) 43/2023/SPD നമ്പർ സർക്കാർ ഉത്തരവ്

3. സ്റ്റേഷനറി കൺട്രോളറുടെ 03.06.2024-ലെ STY/416/2024-D1 നമ്പർ കത്ത്

**ഉത്തരവ്**

2021-22 സാമ്പത്തിക വർഷം വരെ സംസ്ഥാനത്തെ 14 ജില്ലകളിലെയും സർക്കാർ സ്ഥാപനങ്ങൾ, പ്രസ്സുകൾ എന്നിവിടങ്ങളിൽ നിന്നും പാഴ്ക്കടലാസുകൾ നീക്കം ചെയ്തിരുന്നത് സ്റ്റേഷനറി വകുപ്പായിരുന്നു. എന്നാൽ പരാമർശം (1) , (2) സർക്കാർ ഉത്തരവ് പ്രകാരം 2022-23, 2023-24 സാമ്പത്തിക വർഷം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ( കെ.പി.പി.എൽ) എന്ന സ്ഥാപനത്തിന് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും പാഴ്ക്കടലാസ്സുകൾ നീക്കം ചെയ്യുന്നതിനുള്ള അനുമതിയും ആയതിനുള്ള പൊതു മാർഗ നിർദ്ദേശങ്ങളും , വിലയും നിർദ്ദേശിച്ച് നൽകിയിരുന്നു.

(2) കെ.പി.പി.എൽ മുഖേന പാഴ്ക്കടലാസ് നീക്കം ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ കാലാവധി' 2024 മാർച്ച് 31 -നു തീരുന്ന സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷം മുതൽ സർക്കാർ സ്ഥാപനങ്ങളിലെ 'പാഴ്ക്കടലാസുകൾ, റീൽ പേപ്പർ കോർ എന്നിവയ്ക്ക് മുൻ

വർഷങ്ങളിലെപ്പോലെ സ്റ്റേഷനറി വകുപ്പ് മുഖാന്തിരം ദർഘാസ് ക്ഷണിച്ച് കരാർ ഉറപ്പിച്ച് നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം സ്റ്റേഷനറി കൺട്രോളർ അഭ്യർത്ഥിച്ചിരുന്നു .

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25, 2025-26 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും പാഴ്ക്കടലാസുകൾ നീക്കം ചെയ്യുന്നതിന് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനെ (കെ.പി.പി.എൽ) ചുമതലപ്പെടുത്തിക്കൊണ്ടും ഈ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റെല്ലാ സർക്കാർ വകുപ്പുകളിലെയും/ ഓഫീസുകളിലെയും / സ്ഥാപനങ്ങളിലെയും പാഴ്ക്കടലാസുകൾ ടെൻഡർ നടപടികളിലൂടെ നീക്കം ചെയ്യുന്നതിന് സ്റ്റേഷനറി വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

a. Government Presses

b. Kerala Public Service Commission/ State Planning Board

c. Directorate of Kerala State Lotteries

d. Institutions under Higher Education Department/ Universities

e. Institutions under General Education, Technical Education Departments/ Entrance Examination Commission

f. High Court/ AG's Office

g. Government Secretariat/ Kerala Legislature Assembly

h. State Public Sector Units/Institutions

i. Kerala Books and Publications Society

(4) മേൽ സ്ഥാപനങ്ങളിൽ നിന്നും പാഴ്ക്കടലാസുകൾ കെപിപിഎൽ കൃത്യമായി നീക്കം ചെയ്ത് തുക സ്റ്റേഷനറി വകുപ്പിന്റെ റസീപ്റ്റ് ശീർഷകത്തിൽ അടയ്ക്കേണ്ടതാണ്. അനുബന്ധമായി ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള പാഴ് വസ്തുക്കൾ കെപിപിഎൽ / സ്റ്റേഷനറി വകുപ്പ് നീക്കം ചെയ്യേണ്ടതാണ്.

(5) കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് (കെ.പി.പി.എൽ) ന് പാഴ് കടലാസിനും മറ്റ് ഉല്പന്നങ്ങൾക്കും പരാമർശ ഉത്തരവുകൾ പ്രകാരം 2023-2024 വർഷത്തിൽ നിശ്ചയിച്ച

നൽകിയിരുന്ന വിലയിൽ 5% വർദ്ധനവ് വരുത്തി 2024-2025, 2025-2026 സാമ്പത്തിക വർഷത്തേക്ക് വില നിശ്ചയിച്ച് നൽകേണ്ടതും ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് വില നിശ്ചയിച്ചിട്ടില്ലാത്ത ഉത്പന്നങ്ങൾക്ക് കഴിഞ്ഞ വർഷം നിശ്ചയിച്ച നിരക്കിൽ 5% വർദ്ധനവ് വരുത്തി നൽകേണ്ടതുമാണ്.

(6) പരാമർശ ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്. ടി ഉത്തരവുകളിലെ വ്യവസ്ഥകൾ / മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

1. എല്ലാ സർക്കാർ സ്ഥാപനങ്ങൾ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾ / പൊതുമേഖലാസ്ഥാപനങ്ങൾ / സഹകരണ സ്ഥാപനങ്ങൾ / സ്വയംഭരണ സ്ഥാപനങ്ങൾ / ഏജൻസികൾ /സൊസൈറ്റികൾ / സർവ്വകലാശാലകൾ / അക്കാദമിക് സ്ഥാപനങ്ങൾ (സ്റ്റേഷനറി കൺട്രോളർ മുഖാന്തിരം )
2. കൺട്രോളർ, സ്റ്റേഷനറി വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ , അച്ചടി വകുപ്പ് , തിരുവനന്തപുരം
4. സ്പെഷ്യൽ ഓഫീസർ കേരള പേപ്പർ പ്രോഡക്ടസ് ലിമിറ്റഡ് ( KPPL) ന്യൂസ്പ്രിന്റ് നഗർ, വെള്ളൂർ, കോട്ടയം
5. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ &ഇ ),കേരള,തിരുവനന്തപുരം
6. ധനകാര്യ വകുപ്പ്
7. വ്യവസായ (ജി) വകുപ്പ്
8. ഇൻഫൊർമേഷൻസ് & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ്
9. ഓഫീസ് കോപ്പി/കരുതൽ ഫയൽ

Signed by
Seetha K M
Date: 01-08-2024 11:19:53

**അനുബന്ധം**

**കേരള പേപ്പർ പ്രോഡക്ട്സ് (കെപിപിഎൽ) നീക്കം ചെയ്യേണ്ട പാഴ്ക്കടലാസുകളുടെ ഇനം തിരിച്ചുള്ള പട്ടിക**

| | |
|---|---|
| 1 | എല്ലാ ഗവ.പ്രസ്സുകളിലെയും കട്ടിംഗ് വേസ്റ്റ് (ഗ്രൂപ്പ് 2), പ്രിന്റിംഗ് വേസ്റ്റ്, ഓഫീസിലെ പാഴ്ക്കടലാസുകൾ (ഗ്രൂപ്പ് 1), (ക്രാഫ്റ്റ് പേപ്പർ, റീൽ കോർ, റബ്ബിഷ് വേസ്റ്റ് ഒഴികെ) |
| 2 | പി.എസ്.സി ഓഫീസുകളിൽ നിന്നുള്ള (ക്രാഫ്റ്റ് പേപ്പർ ഒഴികെ ) എല്ലാ പാഴ്ക്കടലാസുകളും (ഗ്രൂപ്പ് 1), മൂല്യനിർണയം കഴിഞ്ഞ ഉത്തരക്കടലാസുകൾ ഉൾപ്പെടെ) |
| 3 | പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലെയും മൂല്യനിർ ണയം കഴിഞ്ഞ ഉത്തരക്കടലാസുകൾ മാത്രം. |
| 4 | ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലേയും മൂല്യനിർണയം കഴിഞ്ഞ ഉത്തരക്കടലാസുകൾ ഉൾപ്പെടെയുള്ള എല്ലാ പാഴ്ക്കടലാസുകളും (ഗ്രൂപ്പ് 1). |
| 5 | അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പ്രിൻസിപ്പൽ ബഞ്ച് തിരുവനന്തപുരം, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഹൈക്കോടതി എന്നിവിടങ്ങളിലെ എല്ലാ പാഴ്ക്കടലാസുകളും. (ഗ്രൂപ്പ് 1) |
| 6 | സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, ഗവ. സെക്രട്ടറിയേറ്റ്, നിയമസഭ, Entrance Examination ഓഫീസ് എന്നിവിടങ്ങളിലെ എല്ലാ പാഴ്ക്കടലാസുകളും (ഗ്രൂപ്പ് 1) |
| 7 | പഴയ പാഠപുസ്തകങ്ങൾ |

**സ്റ്റേഷനറി വകുപ്പ് നീക്കം ചെയ്യേണ്ട പാഴ്ക്കടലാസുകളുടെ ഇനം തിരിച്ചുള്ള പട്ടിക**

| | |
|---|---|
| 1 | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ഗവ. പ്രസ്സ്, പി.എസ്.സി ഓഫീസ് എന്നിവിടങ്ങളിലെ ക്രാഫ്റ്റ് പേപ്പർ, മറ്റു സർക്കാർ ഓഫീസുകളിലെ എല്ലാതരം പാഴ്ക്കടലാസുകളും (ഗ്രൂപ്പ് 1) (പൊതു വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിൽ വരുന്ന സ്ഥാപനങ്ങൾ ഒഴികെ) |
| 2 | എറണാകുളം ജില്ലയിലെ ഗവ. പ്രസ്സ്, പി.എസ്.സി ഓഫീസ് എന്നിവിടങ്ങളിലെ ക്രാഫ്റ്റ് പേപ്പർ, മറ്റു സർക്കാർ ഓഫീസുകളിലെ എല്ലാതരം പാഴ്ക്കടലാസുകളും (ഗ്രൂപ്പ് 1). (പൊതു വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിൽ വരുന്ന സ്ഥാപനങ്ങൾ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഹൈക്കോടതി എന്നിവ ഒഴികെ) |

| | |
|---|---|
| | |
| 3 | തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഗവ. പ്രസ്സ്, പി.എസ്.സി ഓഫീസ് എന്നിവിടങ്ങളിലെ ക്രാഫ്റ്റ് പേപ്പർ, മറ്റു സർക്കാർ ഓഫീസുകളിലെ എല്ലാതരം പാഴ്ക്കടലാസുകളും (ഗ്രൂപ്പ് 1). (പൊതു വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക കീഴിൽ വരുന്ന സ്ഥാപനങ്ങൾ ഒഴികെ) |
| 4 | 14 ജില്ലകളിലെയും സർക്കാർ ഓഫീസുകളിലെ പാഴ്വസ്തുക്കൾ (പ്ലാസ്റ്റിക്, പാഴ്ചാക്ക്, ക്രാഫ്റ്റ് പേപ്പർ, പൊതിയാൻ ഉപയോഗിക്കുന്ന പേപ്പറുകൾ, റീൽ കോർ, റബ്ബിഷ് വേസ്റ്റ് മുതലായവ. |